Estd. 1870

GOVERNMENT
HIGHER SECONDARY SCHOOL
CHITTUR

# ജിഎച്ച്എസ്എസ് ചിറ്റൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025

# ഉള്ളടക്കം

1) ആമുഖം

2) വിദ്യാലയ ചരിത്രം

3) വിദ്യാലയം മികവിന്റെ കേന്ദ്രം

4) നിലവിലെ അവസ്ഥാ വിശകലനം

5) പ്രശ്നങ്ങൾ, വെല്ലുവിളികൾ

6) പദ്ധതി രൂപീകരണ പ്രക്രിയ

7) വിഷയ മേഖല

8) പ്രതീക്ഷിത നേട്ടങ്ങൾ / തനത് പ്രവർത്തനങ്ങൾ

9) മോണിറ്ററിങ് / നിരീക്ഷണ സംവിധാനം

10) അനുബന്ധം

11) സ്കൂളിന്റെ സ്കെച്ച് / പ്ലാൻ

12) ജൈവവൈവിധ്യപാർക്ക്

13) കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

14) നിലവിലുള്ള പ്രവർത്തനങ്ങൾ – അംഗങ്ങളുടെ പട്ടിക

15) പ്രവർത്തന പദ്ധതിയുടെ വിശദീകരണം
16) ഉപസംഹാരം

# I. ആമുഖം

രാജ്യത്തെ എല്ലാ കുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി അഞ്ചു പതിറ്റാണ്ടു മുമ്പ് 1968 ൽ ഇന്ദിരാഗാന്ധി സർക്കാർ ആവിഷ് കരിച്ച പദ്ധതിയുടെ തുടർച്ചയാണ് നിലവിലെ ദേശീയ വിദ്യാഭ്യാസ നയം. പിന്നീട് 1986 ൽ രാജീവ് ഗാന്ധി സർക്കാരും 1992 ൽ നരസിംഹറാവു സർക്കാരും 2007 ൽ മൻമോഹൻസിങ് സർക്കാരും പദ്ധതി പുനരാവിഷ് കരിച്ചു. 2018 മാർച്ചിൽ ദേശീയ വിദ്യാഭ്യാസ നയത്തിന് അന്തിമരൂപം നൽകാൻ ഐ.എസ് .ആർ.ഒ. മുൻ ചെയർമാൻ കെ. കസ്തൂരിരംഗൻ അധ്യക്ഷനായി ഒൻപതംഗ സമിതിയെ കേന്ദ്രസർക്കാർ നിയമിച്ചിരിക്കുകയാണ്.

### ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ലക്ഷ്യങ്ങൾ

ആറ് മുതൽ പതിന്നാല് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് എല്ലാവർക്കും അടിസ്ഥാന വിദ്യാഭ്യാസം, സൗജന്യവും നിർബന്ധവുമാക്കുന്നതിനായി ഇന്ത്യൻ പാർലമെന്റ് ആവിഷ്കരിച്ച നിയമമാണ് വിദ്യാഭ്യാസ അവകാശനിയമം.  2009 ഓഗസ്റ്റ് 4 നു ഇന്ത്യൻ പാർലമെൻറിൽ ഈ നിയമം പാസ്സാക്കുകയുണ്ടായി .ഇതിലേക്ക് ഇന്ത്യൻ ഭരണഘടന , ആർട്ടിക്കിൾ 21 എ ഭേദഗതി ചെയ്തു. 2010 ഏപ്രിൽ ഒന്നിന് ഈ നിയമം പ്രാബല്യത്തിൽ വന്നു. ഇന്ത്യ ചരിത്രത്തിലെ സുപ്രധാനമായ ഒരു നിയമ നിർമ്മാണമാണിത്.

നമ്മുടെ ജനസംഖ്യയുടെ 40 ശതമാനം 18 വയസ്സിനു താഴെയുള്ള കുട്ടികളാണ്. കുട്ടികളിൽ പകുതിയും 6 നും 14 നും ഇടയിലുള്ളവർ. അതായത്, അടിസ്ഥാന വിദ്യാഭ്യാസത്തിനു അർഹരായ 190 ദശലക്ഷം കുട്ടികൾ ഇന്ത്യയിൽ ഉണ്ട്. ഇതിൽ 9 ദശലക്ഷം കുട്ടികൾ സ്കൂളിൽ എത്തുന്നില്ലെന്നാണ് യുനിസെഫ് കണക്കാക്കുന്നത്. സ്കൂളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്കിന്റെ ശരാശരി 36 ശതമാനമാണ്. പെൺകുട്ടികളുടേത് അതിനേക്കാൾ കൂടുതൽ. ആ നിലയ്ക്ക്, സ്ത്രീ വിദ്യാഭ്യാസം കൂടുതൽ പരിപോഷിപ്പിക്കാനും ബാലവേല നിരുത്സാഹപ്പെടുത്തുവാനുമുള്ള ധീരമായ ഒരു ചുവടുവെപ്പാണ് ഈ നിയമം. പുതിയ നിയമമനുസരിച്ച് ആറു മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് അയൽപക്ക സ്കൂളിൽ വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാകും.

- പഠനത്തിന്നാവശ്യമായ ചെലവ് വഹിക്കാൻ കുട്ടി ബാധ്യസ്ഥനല്ല.
- നിർബന്ധിതവും സഔജന്യവുമായ വിദ്യാഭ്യാസം എന്നത് സർക്കാറുകൾ, തദ്ദേശസ്ഥാപനങ്ങൾ, സ്കൂൾ അധികൃതർ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരുടെ ഉത്തരവാദിത്തവും ചുമതലയുമാണ്.
- ആറ് വയസ്സ് കഴിഞ്ഞ കുട്ടി സ്കൂളിൽ പോകാത്ത അവസ്ഥയിലാണെങ്കിൽ അവന്റെ വയസ്സിന് അനുയോജ്യമായ ക്ലാസിൽ അവനെ പ്രവേശിപ്പിക്കേണ്ടതാണ്.
- അവന്റെ പഠനനിലവാരം മെച്ചപ്പെടുത്താൻ അവന് പ്രത്യേക പരിശീലനം നൽകണം.
- 14 വയസ്സ് കഴിഞ്ഞാലും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാൻ അവൻ അവകാശമുണ്ടായിരിക്കും.
- പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാനുള്ള സൗകര്യമില്ലാത്ത സ്കൂളിലാണ് കുട്ടി പഠിക്കുന്നതെങ്കിൽ അവിടെ നിന്നും കുട്ടിക്ക് മറ്റേതെങ്കിലും സ്കൂളിലേക്ക് മാറ്റം ആവശ്യപ്പെടാം. പക്ഷെ പ്രസ്തുത മാറ്റം അൺ എയ് ഡഡ് സ്കൂളിലേക്കോ നവോദയ വിദ്യാലയം പോലുള്ള സ്പെസിഫൈഡ് കാറ്റഗറിയിൽ പെട്ട സ്കൂളിലേക്കോ ആവാൻ പാടില്ല. സർക്കാർ സ്കൂളിലേക്കോ എയ്ഡഡ് സ്കൂളിലേക്കോ ആവാം. ടി സി ഉടൻ നൽകേണ്ടതാണ്. അതിന് കാലതാമസം വന്നാൽ സ്ഥാപനമേധാവി അച്ചടക്ക നടപടിക്ക് വിധേയനാകും. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി രാജ്യത്തെ എല്ലാ സ്കൂളുകളും ഇതെല്ലാം നടപ്പാക്കേണ്ടതുണ്ട്.

കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ കൂട്ടായ പ്രവർത്തനത്തിന്റെയും മാർഗനിർദേശത്തിന്റെയും അടിസ്ഥാനത്തിൽ അന്താരാഷ് ട്ര നിലവാരത്തിലേക്ക് ഓരോ വിദ്യാർത്ഥിയും എത്തിച്ചേരണമെന്നതാണ് വിദ്യാഭ്യാസ നയം മുന്നോട്ടു വയ് ക്കുന്നത്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളും നിലവിലുള്ളതും നടത്താനാഗ്രഹിക്കുന്നതുമായ സമഗ്രപദ്ധതിയുടെ രൂപരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഇതിന്റെ ഭാഗമായാണ് ചിറ്റൂർ ഗവ. ഹയർസെക്കൻഡറി സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ തയാറാക്കിയിരിക്കുന്നത്. ഈ അക്കാദമിക മാസ്റ്റ്ർ പ്ലാൻ.

## ആശയങ്ങൾ

ഭാവിയിൽ കൂട്ടിച്ചേർക്കലുകൾക്കും പരിഷ് കരണത്തിനും വിധേയമായ രീതിയിലാണ് രൂപകൽപന ചെയ്തിട്ടുള്ളത്. അടുത്ത 5 വർഷം കൊണ്ട് നമ്മുടെ വിദ്യാലയം എങ്ങനെയാവണമെന്ന കാഴ്ചപ്പാട് രൂപീകരിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാനാണ് ലക്ഷ്യമിടുന്നത്. അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിക്കാനുള്ള നിരന്തര ശ്രമം അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സാമൂഹിക ഘടകങ്ങൾ എന്നിവ ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുന്നു. അടുത്ത അക്കാദമിക വർഷത്തിനു മുന്നോടിയായി സ്കൂളിനു ഒരു പൊതുബജറ്റ് അവതരിപ്പിക്കുകയും സാമ്പത്തിക കാര്യങ്ങൾ, അക്കാദമിക കാര്യങ്ങൾ എന്നിവയ്ക്ക് പിടിഎ, എസ് എംസിയുടെ നേതൃത്വത്തിൽ രണ്ട് വിഭാഗങ്ങളിലായി വിദ്യാലയാസൂത്രണവും നടത്തിപ്പും നിരീക്ഷണ പിന്തുണ ഉണ്ടാക്കുകയും ഇതിന്റെ ലക്ഷ്യമാണ്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സമഗ്രഗുണമേന്മ വർഷമായി പ്രഖ്യാപിച്ച 2025-26 അധ്യയന വർഷം പാഠ്യപദ്ധതിയിലും മൂല്യനിർണയത്തിലും വരുത്തിയ മാറ്റങ്ങൾക്കനുസൃതമായി അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തന പദ്ധതികൾക്കായി 22-3-2025 ന് പുറപ്പെടുവിച്ച മാർഗരേഖ പ്രകാരം തയ്യാറാക്കിയ മാസ്റ്റർപ്ലാനാണിത്.

### തലങ്ങൾ

1. അക്കാദമികം

2. ഭൗതികം

3. സാമൂഹികം

### അക്കാദമിക തലം (ഹ്രസ്വകാല പദ്ധതി)

- വായനയിലും എഴുത്തിലുമുള്ള ശേഷി വർദ്ധനവ് ഉറപ്പു വരുത്തുന്നു.
- വായനശീലം വളർത്തുന്നതിലൂടെ കുട്ടികളിലെ സർഗശേഷികളുടെ പൂർണവികസനം.
- സ്കൂളിലെ എല്ലാ വിദ്യാർത്ഥികളും എല്ലാ വിഷയങ്ങളിലും അടിസ്ഥാനപരമായി നേടിയിരിക്കേണ്ട ശേഷികൾ നേടിയെടുക്കുന്നു.
- ഓരോ വിദ്യാർത്ഥിയുടെയും അഭിരുചികൾ മനസിലാക്കി പരിശീലന സൗകര്യം ഏർപ്പെടുത്തും.
- ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ തിരിച്ചറിഞ്ഞ് അവർക്കുതകുന്ന പഠനപ്രവർത്തനങ്ങൾ ഉറപ്പാക്കും.
- ആർജിച്ചെടുക്കേണ്ട ശേഷികളെപ്പറ്റി കുട്ടിയെയും രക്ഷിതാവിനെയും ബോധവൽക്കരിക്കും.
- സ്കോളർഷിപ്പ്, മൽസര പരീക്ഷകളിൽ പരമാവധി പങ്കാളിത്തവും പരിശീലനവും ഉറപ്പാക്കും.
- തന്റെ കഴിവും അഭിരുചിയും തിരിച്ചറിഞ്ഞ് ഉപരിപഠന മേഖല തിരഞ്ഞെടുക്കാൻ പ്രാപ്തനാകും.
- വിവിധ പ്രവേശന, മൽസര പരീക്ഷകളിലെ മികച്ച വിജയം നേടിയെട്ടക്കാൻ വേണ്ട പ്രവർത്തനങ്ങൾ ഉറപ്പുവരുത്തും.

## ഭൗതികതലം (ദീർഘകാല പദ്ധതി)

- വൃത്തിയുള്ളതും അടച്ചുറപ്പുള്ളതുമായ ക്ലാസ് മുറികളും ക്യാംപസും ഉറപ്പുവരുത്തും.
- പ്ലാസ്റ്റിക് ഉപയോഗം കുറച്ച് പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങളുണ്ടാക്കി വിപണനം ചെയ്യും.
- സ്കൂൾ ക്യാംപസ് ഒരു പാഠ്യവസ്തുവായി പരിഷ്കരിക്കും.
- അധ്യയനം ഡിജിറ്റൽ ക്ലാസ് മുറികളിലാക്കും.
- മികച്ച ഭാഷാശാസ്ത്ര ലാബുകൾ സജ്ജമാക്കും.
- മികച്ച ആരോഗ്യ, കായിക വിദ്യാഭ്യാസത്തിന് വേണ്ടുന്ന സജ്ജീകരണങ്ങൾ (മൈതാനം, ജിം, സ്റ്റേഡിയം മുതലായവ) ഏർപ്പെടുത്തും.
- ജൈവവൈവിധ്യ പാർക്ക് തയ്യാറാക്കും.
- മികച്ച ഉച്ചഭക്ഷണ സംവിധാനം (വൃത്തിയുള്ള ഭക്ഷണപ്പുര, ശുചിയാക്കാനുള്ള സംവിധാനം,
- മാലിന്യനിർമാർജനം, കുടിവെള്ളം എന്നിവ) ഉറപ്പാക്കും.
- പെൺസൗഹൃദ ശുചിമുറികൾ, വിശ്രമമുറികൾ, കൗൺസിലിങ് മുറി എന്നീ സൗകര്യങ്ങളൊരുക്കും.

- സ്കൂളിലെ പരിപാടികൾക്കായി സുസജ്ജമായ ഓഡിറ്റോറിയം നിർമിക്കും.
- മികച്ച ലൈബ്രറി, വായനശാല സാകര്യം ഉറപ്പാക്കും.
- പ്രഥമശുശ്രൂഷയ്ക്കുള്ള സൗകര്യമൊരുങ്ങുന്ന ക്ലിനിക്ക്.

## സാമൂഹികതലം (ദീർഘകാല പദ്ധതി)

- ലക്ഷ്യബോധവും ഗുണമേന്മയുള്ള വിദ്യാഭ്യാസവും ഉറപ്പാക്കും.
- കുട്ടികളുടെ മാനസിക, കായിക വളർച്ച ഉറപ്പാക്കും.
- മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷ ഉറപ്പാക്കും.
- കുട്ടികളിൽ സാമൂഹിക ബോധം ഉറപ്പാക്കും.
- സമൂഹത്തിന്റെ പിന്തുണ പരമാവധി തേടും.
- രക്ഷിതാക്കൾക്ക് വിവിധതരത്തിലുള്ള പരിശീലന പരിപാടികൾ, ക്ലാസുകൾ എന്നിവ നൽകും.
- വിവിധ ഏജൻസികൾ വഴി (തൊഴിൽ, നിയമം, ആരോഗ്യം, സാമൂഹ്യപ്രതിബദ്ധത, മനുഷ്യാവകാശങ്ങൾ, എന്നിവയ് ക്കുതകുന്ന) കുട്ടികൾക്കും രക്ഷിതാക്കൾക്കും പരിശീലന പ്രവർത്തനങ്ങൾ നൽകും.
- സമ്പാദ്യശീലവും സാമ്പത്തിക ക്രയവിക്രയ ശേഷി മെച്ചപ്പെടുത്താൻ വേണ്ട പരിശീലനം നൽകും.
- പൂർവ വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവരുടെ സഹായസഹകരണങ്ങൾ തേടും.

## ഇടക്കാല പദ്ധതി)

- ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ
- പരിസ്ഥിതി സൗഹ്യദകലാലയം

## വിദ്യാലയത്തിന്റെ ലഘു ചരിത്രം

ചിറ്റൂർ താലൂക്കിലെയും പാലക്കാടിന്റെയും ആദ്യ വിദ്യാലയങ്ങളിലൊന്നാണ് ചിറ്റൂർ ഗവ. ഹയർസെക്കൻഡറി സ്കൂൾ. ചിറ്റൂർ നഗരസഭയ്ക്ക് സമീപം അമ്പാട്ടുപാളയത്താണ് 1870 ൽ സ്കൂൾ സ്ഥാപിച്ചത്. ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിന്റെ മുൻപ് ചിറ്റൂർ ഹൈസ്കൂൾ എന്നായിരുന്നു പേര്. 1860 ന്റെ അവസാന വർഷത്തിൽ സി.വി. കൃഷ്ണയ്യരാണ് ചിറ്റൂരിൽ സെക്കൻഡറി വിദ്യാഭ്യാസത്തിനുള്ള ഈ സ്കൂളിനു തുടക്കം കുറിച്ചത്. സി.പി. ശിവരാമകൃഷ്ണയ്യരുടെ ഉടമസ്ഥതയിലുള്ള കളപ്പുരയിലാണ് സ്കൂൾ ആദ്യം തുടങ്ങിയത്. 1910 ൽ സർക്കാർ ഏറ്റെടുത്തു. ചിറ്റൂരിലെ ആദ്യ റസിഡൻഷ്യൽ സ്കൂൾ കൂടിയാണ് . ലാബിന്റെ സൗകര്യവും സ്കൂളിന്റെ വികസനവും തമിഴ് മീഡിയം ഉള്ളതും തമിഴ് നാട്ടിൽ നിന്നും വിദ്യാർത്ഥികളെ ഇവിടേക്ക് എത്തിച്ചു. കൊച്ചി മഹാരാജാവ് രാമവർമ പതിനഞ്ചാമൻ, ജവഹർലാൽ നെഹ്റു തുടങ്ങിയവർ സ്കൂളിലെത്തിയ പ്രമുഖരാണ്.

വിവിധ തൊഴിൽ മേഖലകളിൽ പ്രഗത്ഭരായ ആയിരക്കണക്കിന് വിദ്യാർത്ഥികളെ സമൂഹത്തിന് നൽകാനായത് സ്കൂളിന്റെ എടുത്തു പറയേണ്ട നേട്ടമാണ്. നിലവിൽ യുപി, ഹൈസ്കൂൾ, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗങ്ങളിലായി 1500 ലേറെ വിദ്യാർത്ഥികൾ പഠിക്കുന്നു. 10.86 ഏക്കർ സ്ഥലത്ത് രണ്ട് കളിസ്ഥലങ്ങളുമായി ചിറ്റൂരിൽ തലയുയർത്തി നിൽക്കുന്ന വിദ്യാലയമാണ് ഇത്. ശാസ്ത്രപോഷിണി ലാബുകൾ, എൻസിസി, ജെആർസി, സൗഹൃദ, എൻഎസ് എസ് , വിവിധ ക്ലബ്ബുകൾ, അസാപ്, പീക്സ് എന്നിവ പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങൾക്ക് സഹായകമാകുന്നു. സർക്കാർ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പൊതുവിദ്യാലയങ്ങളുടെ ആദ്യപട്ടികയിൽ ഇടം പിടിച്ച സ്കൂൾ കൂടിയാണ് ചിറ്റൂർ ഗവ. ഹയർസെക്കൻഡറി സ്കൂൾ.

കഴിഞ്ഞ ഒന്നര നൂറ്റാണ്ട് ചരിത്രമുള്ള ഈ വിദ്യാലയത്തിൽ നിന്നു പഠിച്ചിറങ്ങി വിവിധ മേഖലകളിൽ സമൂഹത്തിനു താങ്ങായി നിൽക്കുന്നവർ ഏറെയാണ് . അവരിൽ സുപരിചിതരാണ് മുൻ എംഎൽഎ കെ.എ. ചന്ദ്രൻ (ജനപ്രതിനിധി), അഡ്വ. ജയപാലമേനോൻ (നിയമം), കെ.ജി. ശേഖരനുണ്ണി (ജനപ്രതിനിധി), വിപിൻ മോഹൻ (സിനിമ), സതീഷ് (ഹയർസെക്കൻഡറി ഡയറക് ടർ), രാകേഷ് മേനോൻ (റിസർവ് ബാങ്ക് ഓഫ് ഇന്ത്യ), വൈ. കല്യാണകൃഷ് ണൻ (ആസൂത്രണ ബോർഡ്), അഡ്വ. വി. വിജയൻ (കൃഷി, നിയമം), എ. ശിവൻ (റിട്ട. ആർഡിഡി എച്ച് എസ് എസ്), എ. ശശികുമാർ (പ്രധാനാധ്യാപകൻ, വണ്ടിത്താവളം കെകെഎംഎച്ച് എസ് എസ് ), പ്രസാദ് മാത്യ (കെഎസ് ഇബി), ജയകുമാർ (മാതൃഭൂമി), ശ്രീകുമാർ (എഫ് എസിടി), മോഹൻദാസ് (എക്സൈസ് സർക്കിൾ ഇൻസ് പെക് ടർ), പ്രൊഫ. എ.എൻ. സുബ്രഹ്മണ്യൻ (ഇംഗ്ലീഷ് വകുപ്പ്), റിട്ട. വകുപ്പ് മേധാവി

ഹരിഹരയ്യർ (കാലടി സർവകലാശാല), പരമേശ്വരൻ (സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ), അഡ്വ. മുരുകദാസ് (ജനപ്രതിനിധി), കെ.സി. പ്രീത് (നഗരസഭ സ്ഥിരം സമിതി ചെയർമാൻ),

## വിദ്യാലയം - മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

ചിറ്റൂർ നിയോജക മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് തിരഞ്ഞെടുത്തിട്ടുള്ള വിദ്യാലയമാണ് ചിറ്റൂർ തത്തമംഗലം നഗരസഭ പരിധിയിലെ ജിഎച്ച് എസ് എസ് ചിറ്റൂർ. 10.86 ഏക്കർ സ്ഥലത്തുള്ള സ്കൂൾ ക്യാംപസിൽ ലൈബ്രറി, സെക്കൻഡറി, ഹയർസെക്കൻഡറി, വിഎച്ച്എസ്ഇ വിഭാഗങ്ങളിലായി രണ്ടായിരത്തോളം വിദ്യാർത്ഥികൾ പഠിക്കുന്നു. പഠനത്തിനു പുറമേ വിവിധ പാഠ്യേതര പ്രവർത്തനങ്ങളാണ് ഓരോ വിഭാഗങ്ങളിലായി നടപ്പാക്കി വരുന്നത്.

നിലവിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പ്രൈമറി തലത്തിൽ ശ്രദ്ധ, മലയാളത്തിളക്കം, യുഎസ് എസ് പരിശീലന ക്ലാസ്, നവോദയ പരിശീലന ക്ലാസ്, ക്ലാസ് ലൈബ്രറി, വിനോദ, പഠനയാത്രകൾ എന്നിവ നടത്തിവരുന്നു. സെക്കൻഡറി തലത്തിൽ എൻസിസി, ജെആർസി, ലിറ്റിൽ കൈറ്റ്സ്, എസ്പിസി, സ്കൗട്ട് ആൻഡ് ഗൈഡ്, നവപ്രഭ, വിദ്യാകിരണം, വിജയശ്രീ, സ്കൂൾ ലൈബ്രറി, ഗണിത, സാമൂഹ്യശാസ്ത്ര, ഭാഷ, ശാസ്ത്ര, പരിസ്ഥിതി, ഐടി ക്ലബ്ബുകൾ, യോഗ, പ്രത്യേക പരിശീലന ക്ലാസുകൾ, എഫ്എം, ഭക്ഷണമേള, സ്കൂൾ പത്രം, മാഗസിൻ, വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് നടത്തിയ പ്രദർശനങ്ങളും മൽസരങ്ങൾ എന്നിവ നടത്തി വരുന്നു. ഹയർസെക്കൻഡറി, വിഎച്ച് എസ് ഇ തലത്തിൽ എൻഎസ് എസ്, അസാപ്, സൗഹൃദ, ജാഗ്രതക്ലബുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, സിംപോസിയം, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്, ജെൻഡർ ക്ലാസുകൾ, പഠനയാത്രകൾ, നേത്രചികിൽസ ക്യാംപ്, സൗജന്യ കുടിവെള്ള പരിശോധന, ഗ്രാമം ദത്തെടുക്കൽ, ചികിൽസ പരിരക്ഷ എന്നിവ ഓരോ വർഷവും നടത്തി വരുന്നു.

അടുത്ത അഞ്ചുവർഷത്തിനകം വിദ്യാലയം ഏതെല്ലാം രീതിയിൽ മെച്ചപ്പെടണമെന്ന കാഴ് ചപ്പാട് പൂർത്തികരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. മുൻഗണനാക്രമം വിദ്യാലയത്തിന്റെ അക്കാദമിക, സാമൂഹിക, സാമ്പത്തിക പിന്തുണകൾക്ക് അനുസരിച്ച് പരിഷ് കരണ വിധേയമാണ്.

# ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. സമൂഹ നന്മയ്ക്ക് ഉതകുന്ന ഗവേഷണ പ്രവർത്തനങ്ങൾ
2. പരിസ്ഥിതി പ്രതിബദ്ധത ഉളവാക്കുന്ന പ്രവർത്തനങ്ങൾ
3. പ്രവർത്താനാധിഷ് ഠിത പഠനം
4. പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് സമൂഹത്തിന്റെ മുഖ്യധാരയിലെത്താൻ വേണ്ടരീതിയിൽ സ്കൂൾ അന്തരീക്ഷവും ക്ലാസ് മുറിയും ക്രമീകരിക്കും.
5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
6. എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി പഠനയാത്രകൾ
7. ഗൃഹസന്ദർശനവും വേണ്ട രീതിയിലുള്ള സഹായങ്ങളും നൽകൽ
8. പ്രായത്തിനനുസൃതമായ ഇരിപ്പിടത്തോടെയുള്ള ക്ലാസ് മുറികൾ
9. തുറന്ന ക്ലാസ് മുറികൾ
10. മികച്ച കംപ്യൂട്ടർ പഠനത്തിനുള്ള സൌകര്യം
11. ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച പഠനരീതികൾ ആവിഷ് കരിക്കും.
12. കേസ് സ്റ്റഡിക്ക് പ്രാധാന്യം നൽകിയുള്ള പഠനക്രമം.
13. കായിക, ആരോഗ്യ ഉന്നമനത്തിനു വേണ്ടി നീന്തൽ, കരാട്ടെ, കളരി, വിവിധ വ്യായാമ മുറകൾഎന്നിവയുടെ പരിശീലനം
14. ഇൻഡോർ സ്റ്റേഡിയം സജ്ജീകരിക്കൽ
15. രാജ്യാന്തര തലത്തിലേക്ക് കായികതാരങ്ങളെ വളർത്താനാവശ്യമായ പരിശീലനം
16. ആധുനിക സംവിധാനത്തിലുള്ള മികച്ച പാചകശാലയും ഊട്ടുപുരയും അനുബന്ധമായി കാന്റീൻ സൌകര്യവും
17. മുതിർന്ന കുട്ടികളെയും ഉൾപ്പെടുത്തി ഉച്ചഭക്ഷണപരിപാടിയുടെ നവീകരണം.
18. എല്ലാ വിഷയങ്ങൾക്കും മികച്ച ലാബ് സാകര്യങ്ങളോടു കൂടിയ സ് മാർട്ട് ക്ലാസുകൾ
19. വൃത്തിയുള്ള ശുചിമുറികളും മാലിന്യ നിർമാജന സംവിധാനങ്ങളും
20. ക്ലാസുകളിൽ രക്ഷിതാക്കളുടെ സജീവസാന്നിധ്യം ഉറപ്പുവരുത്തും.
21. അരക്ഷിതാവസ്ഥയിലുള്ള കുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കാനുള്ള സൌകര്യം
22. ഉപകരണ സംഗീത പരിശീലന ക്ലാസ്

23. കുട്ടികളുടെ പ്രശ് നങ്ങൾ പരിഹരിക്കാനുള്ള കാൺസിലിങ് മുറിയും കാൺസിലറും
24. കല, കരകൗശല മേഖലകളിലുള്ള വിദഗ്ധ പരിശീലനം
25. തനത് കലകൾ പ്രോൽസാഹിക്കാൻ വേണ്ട പരിശീലനങ്ങൾ
26. സൗരോർജം വഴി വിദ്യാലയത്തിനു വേണ്ട ഊർജം ഉൽപാദിപ്പിക്കാനുള്ള സംവിധാനം
27. വൃത്തിയും നല്ല പെരുമാറ്റ രീതികളും സമൂഹത്തിലേക്ക് പടർത്താൻ പാകത്തിലുള്ള പ്രവർത്തനങ്ങൾ

# നിലവിലെ അവസ്ഥ വിശകലനം

പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെ സ്ഥാപന മേധാവികളടക്കം 74 ജീവനക്കാരാണ് സ്കൂളിലുള്ളത്. 70 അധ്യാപകരും 4 ഓഫീസ് ജീവനക്കാരും ഇതിനു പുറമെ ഉച്ചഭക്ഷണത്തിനായുള്ള പാചക തൊഴിലാളി, ലാബ് അസിസ്റ്റന്റ്, കലാകായിക അധ്യാപകർ (എസ് എസ് എ), കാൺസിലർ (സാമൂഹിക ക്ഷേമ വകുപ്പ്) എന്നിവരും ജോലി ചെയ്യുന്നു.

## അധ്യാപകരുടെ എണ്ണം - മൂന്നു വിഭാഗത്തിലുമായി
## യുപി വിഭാഗം അധ്യാപകർ

യുപിഎസ് എ –6
യുപിഎസ് എ ഹിന്ദി – 1
ആകെ – 7

# ഹൈസ് കൂൾ

മലയാളം – 5
തമിഴ് – 1
സംസ് കൃതം – 1
ഇംഗ്ലീഷ് – 4
ഹിന്ദി –3
സോഷ്യൽ സയൻസ് – 4
ഫിസിക്സ് – 4
കെമിസ് ട്രി – 4
ബയോളജി – 1
കായികാധ്യാപകൻ – 1
ഗണിതം – 5
ആകെ – 33

# വെല്ലുവിളികൾ, പ്രതിസന്ധികൾ, പരിമിതകൾ

### അക്കാദമികം

- മുഴുവൻ കുട്ടികളേയും ജയിപ്പിക്കുന്ന സംവിധാനം നിലനിൽക്കുന്നതിനാൽ ഓരോ ക്ലാസ്സിലും നേടേണ്ടശേഷികൾ ആർജ്ജിക്കുന്നതായി ഉറപ്പ വരുത്താൻ സാധിക്കുന്നില്ല.
- ഹാജർ നില പഠനനിലവാരത്തെ ബാധിക്കുന്നു.
- ലൈബ്രേറിയനില്ലാത്തത്
- അച്ചടക്ക നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തതു സ്കൂൾ അന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുന്നു.
- കലാ,പ്രവൃത്തി പരിചയ വിഷയങ്ങളിൽ അധ്യാപകരുടെ അപര്യാപ്തത.
- അക്കാദമിക വർഷത്തിനിടയിൽ നടത്തപ്പെടുന്ന അധ്യാപക സ്ഥലം മാറ്റം

- അക്കാദമിക വർഷത്തിനിടയിൽ നടക്കുന്ന ഇന്‌പ്യവ് മെന്റ് പരീക്ഷകൾ അധ്യയനത്തെ ബാധിക്കുന്നു.

## ഭൗതികം

- ക്ലാസ് റൂം, ലാബ്, വായനാമുറി, ഭക്ഷണശാല മുതലായവയുടെ അപര്യാപ്തത
- ചുറ്റുമതിൽ ഇല്ലാത്തതിനാൽ സ്കൂൾ പകൽസമയങ്ങളിൽ പൊതു വഴിയും രാത്രികാലങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ താവളവും ആയി മാറുന്നു
- ക്ലാസ്സ് മുറിയും പരിസരവും വൃത്തിയായി സൂക്ഷിക്കാനുള്ള സ്ഥിരം സംവിധാനം നിലവിലില്ല
- സ്റ്റാഫ് റൂമിൽ വേണ്ടത്ര മേശയും കസേരയും ഇല്ല
- ക്ലാസ് മുറികളിൽ ബെഞ്ച്, ഡെസ്ക്ക്, ഫാൻ, ലൈറ്റ് എന്നിവയുടെ കുറവ്
- വൃത്തിയുള്ള പാചകശാല, ഭക്ഷണം തയ്യാറാക്കുന്നതിനുള്ള പാത്രങ്ങൾ മിക്സി, ഗ്രൈൻഡർ എന്നിവയുടെ കുറവുണ്ട്.
- സ്കൂളിൽ രണ്ട് വലിയ മൈതാനങ്ങളുണ്ടെങ്കിലും ശാസ്ത്രീയമായി ക്രമീകരിച്ചിട്ടില്ല. ഇത് കുട്ടിയുടെ കായിക പരിശീലനത്തെയും താൽപര്യത്തെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്.
- ഉച്ചഭക്ഷണപ്പുരയുണ്ടെങ്കിലും കുട്ടികൾക്കിരുന്ന് ഭക്ഷണം കഴിക്കാനുള്ള ഇടമില്ലായ്മ പ്രധാന പ്രശ്നങ്ങളാണ്.
- കുട്ടിയുടെ ഗാർഹിക, സാമൂഹിക, സാമ്പത്തിക അവസ്ഥകൾ അക്കാദമിക നിലവാരത്തിന്റെയും നൈപുണി വികാസത്തിന്റെയും ഏറ്റക്കുറച്ചിലുകൾക്ക് കാരണമാകുന്നുണ്ട്. ഇതോടൊപ്പം വിദ്യാലയാന്തരീക്ഷം പഠനത്തിന് അനുഗുണമാണെങ്കിലും വിദ്യാർത്ഥികൾ ആർജിക്കേണ്ട മുഴുവൻ ശേഷികളും നേടാതെ പോകുന്നുണ്ട്. അക്കാദമിക, ഭാതിക തലങ്ങളിലെ പോരായ് മകളാണ് ഇതിനു കാരണമായി കാണുന്നത്.

### മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം

## ഉപമേഖല –

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹൈസ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1.ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1 പ്രീ ടെസ്റ്റ്<br>2.അക്ഷരമുറപ്പിക്കൽ<br>3.അടയാളം ഉറപ്പിക്കൽ<br>4 അക്ഷരകാർഡ് നൽകൽ<br>5.വാക്കുകൾ എഴുതിയ കാർഡ്<br>6 .വാക്കുകൾ നിർമ്മിക്കുക<br>7 വാക്യങ്ങൾ നിർമ്മിക്കുക<br>8.ചിത്രം – അടിക്കുറിപ്പ്<br>9.ചിത്രം – കഥ നിർമ്മിക്കുക<br>10.ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | രണ്ടുമാസം (ആഗസ്റ്റ് സെപ്റ്റംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പിടിഎ, അധ്യാപകർ |
| ലക്ഷ്യം 2. കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | പ്രവർത്തനങ്ങൾ<br>1 ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2.സ്കൂൾ ലൈബ്രറി | കാലം 6 മാസം | ഭൗതികം*ക്ലാസ് ലൈബ്രറി ,സ്കൂൾ ലൈബ്രറി,പത്രങ്ങൾ , ആനുകാലിക | *ചുമതല*പിടിഎ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| | നവീകരിക്കൽ<br>3.സമീപ ഗ്രന്ഥശാല അംഗത്വം<br>4.വായനോത്സവം സംഘടിപ്പിക്കൽ<br>5.പത്ര വായന<br>6.പുസ്തക ചർച്ച<br>7.വായനാക്കുറിപ്പ് പതിപ്പ്<br>8.വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>9 ദിനാചരണം<br>10.സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>11. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>12. ആസ്വാദകരമായ വായന<br>13. 13. ഇ – വായന<br>14. | | പ്രസിദ്ധീകരണങ്ങൾ , ഇൻറർനെറ്റ് ,കമ്പ്യൂട്ടർ | |
| ലക്ഷ്യം 3<br>കുട്ടികളെ മികച്ച എഴുത്തുകാരൻ ആക്കുക | പ്രവർത്തനങ്ങൾ<br>1 എഴുത്തുകൂട്ടം രൂപീകരണം<br>2 പുസ്തക ചർച്ച<br>3 വായനാക്കുറിപ്പ് ,പതിപ്പ്<br>4.വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5.ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>6.സ്വർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7 വ്യക്തിഗത, രചന സംഘരചന<br>8 ഭാഷാ പ്രോജക്ട്<br>9.സാഹിത്യകാരന്മാരുമായുള്ള അഭിമുഖം , സംവാദം<br>10.സാഹിത്യ – സാംസ്കാരിക ചിത്ര ഗ്യാലറി | കാലം 6 മാസം | ഭൗതികം<br>ലൈബ്രറി ,പുസ്തകങ്ങൾ ,ഫോട്ടോകൾ | ചുമതല<br>പിടിഎ, അധ്യാപകർ |
| ലക്ഷ്യം 4<br>സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | പ്രവർത്തനങ്ങൾ<br>1 പ്രസംഗ പരിശീലന കളരി<br>2.വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3 വിവിധ പ്രസംഗങ്ങളുടെ വീഡിയോ ,ഓഡിയോ എന്നിവ കേൾപ്പിക്കുന്നു | കാലം 6 മാസം<br>(ജൂലായ് – ഡിസംബർ) | ഭൗതികം<br>ഓഡിയോ, വീഡിയോ, | ചുമതല<br>ട്രെയിനർ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 4 പ്രസംഗം അവതരിപ്പിക്കുന്നതിന ുള്ള വേദികൾ സജ്ജമാക്കുക | | | |

# Academic Master Plan : English – Classes 8, 9 & 10

## Vision & Objectives

- To develop **language proficiency** in listening, speaking, reading, and writing.
- To ensure **complete coverage** and in-depth understanding of SCERT textbooks and learning outcomes.
- To improve students' **grammar, vocabulary, comprehension, and composition** skills.
- To foster **creative and critical thinking** through literature.
- To provide **targeted support** for exam readiness (formative & summative assessments).

### Yearly Academic Schedule

| Term | Duration | Focus |
|---|---|---|
| **Term 1** | June – August | Foundation skills, initial units, diagnostics, project work |
| **Term 2** | September – November | Middle units, remedial teaching, test practice |
| **Term 3** | December – February | Advanced units, revision, model exam prep |
| **March – April** | Pre-board, Final Exams, Bridge learning | |

## Curriculum Breakdown by Class

### Class 8

**Textbook: *Unit 1 – 5* (as per SCERT)**

- Focus: Vocabulary building, basic grammar (Tenses, Articles, Prepositions), informal letters, and diary entries.
- Literary texts: Short stories, travelogues, poems.

**Strategies:**

- **Reading Logs** for each story/poem.
- **Picture-based storytelling** and dialogues.
- Vocabulary wall in classroom (theme-based).
- Weekly **Grammar Drills** and dictations.
- Simple **project work** (e.g., profile of a writer, book cover designing).

**Class 9**

**Textbook:** ***Unit 1 – 5***

- Focus: Narrative skills, paragraph development, formal letter writing, report writing.
- Grammar: Sentence transformation, passive voice, degrees of comparison, reported speech.

**Strategies:**

- **Role-play & skits** from stories and dialogues.
- **Daily 10-minute writing tasks** (paragraph, letter, ad copy).
- One **reading comprehension passage per week.**
- **Peer editing** and oral presentation sessions.

**Class 10**

**Textbook:** ***Unit 1 – 5***

- Focus: Exam-centric writing (discourses), advanced grammar (direct/indirect speech, modal verbs), literature analysis.
- Key discourses: **Narrative, character sketch, diary, article, speech, news report, interview script.**

**Strategies:**

- Weekly **mock tests** and model question paper discussion.

- **Character mapping** & theme-based group discussions.
- Weekly **Listening & Speaking practice** (peer conversation, audio-based comprehension).
- **Remedial Worksheets** for low scorers.

---

### Skill Integration Plan

| Skill | Weekly Focus Activities |
|---|---|
| **Reading** | Comprehension passages, newspaper reading, vocabulary enrichment |
| **Writing** | Creative writing, discourses, grammar-integrated writing |
| **Listening** | Audio clips from textbook content, listening tests |
| **Speaking** | Classroom interactions, speech & elocution practice, interviews |

### Assessment Strategy

| Assessment Type | Frequency | Coverage |
|---|---|---|
| **Diagnostic Test** | June | Identify entry-level competency |
| **FA (Formative Assessment)** | Monthly | Based on projects, activities, written tasks |
| **SA (Summative)** | Mid-year & Year-end | Full syllabus tests |
| **Mock Tests (Class 10)** | Jan-Feb | Exam simulation with scoring feedback |

### Remedial & Enrichment Plans

- **For Weak Students**:
  - Bridge courses and foundational grammar sessions.
  - Bilingual explanations for difficult topics.
  - Extra worksheets and one-on-one support.
- **For Advanced Learners**:
  - Extended reading (newspaper articles, short stories).
  - Creative writing competitions.

- Leadership in peer teaching & feedback sessions.

---

### Teaching Aids & Resources

- **Digital tools**: Samagra portal, DIKSHA, YouTube video lessons.
- **Library hours**: Regular access to English books.
- **Use of ICT**: Smart classroom for audio/video, grammar games.
- **Teacher-prepared resources**: Word banks, anchor charts, question banks.

---

### Teacher's Role

- Align teaching with **learning outcomes** of SCERT.
- Maintain **learner portfolios** and performance trackers.
- Conduct **frequent doubt-clearing** and revision classes.
- Encourage **student reflection** on learning through self-assessment sheets.

---

### Monthly Planner Sample (July – Class 9)

| Week | Focus Unit | Grammar Topic | Discourse Practice | Assessment |
|---|---|---|---|---|
| Week 1 | Unit 2 Reading 1 | Past Tense | Narrative Paragraph | Reading Comp. |
| Week 2 | Unit 2 Reading 2 | Passive Voice | Letter to Editor | FA – Diary Entry |
| Week 3 | Unit 2 Reading 3 | Degrees of Comparison | News Report | Group Presentation |
| Week 4 | Unit Summary | Integrated Grammar | Character Sketch | Worksheet Test |

### Success Indicators

- 80%+ students able to write structured discourses.
- Steady improvement in speaking fluency and vocabulary use.
- Improved scores in internal and external assessments.
- Increased student participation in reading, writing, and presenting.

---

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹൈസ്കൂൾ സംസ്കൃതം (യുപി, എച്ച്എസ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ലക്ഷ്യം<br>* എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും, എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>* അക്ഷരങ്ങളും, പദങ്ങളും, ആശയങ്ങളും ഉറപ്പിക്കുക.<br>* കാണുന്നതും, കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>* സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകുക.<br>* എല്ലാ കുട്ടികളും തെറ്റ് കൂടാതെ വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>* സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ.<br>* ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. | പ്രവർത്തനങ്ങൾ<br>* ക്ലാസ്സ് ടെസ്റ്റ് നടത്തി മികവുകളും, പരിമിതികളും കണ്ടെത്തുന്നു.<br>* പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>* പതിപ്പുകൾ, മാഗസിനുകൾ.<br>* രചനാ ശില്പശാലകൾ, സംസ്കൃത ദിനാചരണം/ അസംബ്ലി, ഒഴിവ് സമയങ്ങളിൽ പ്രത്യേക ക്ലാസ്സുകൾ..<br>* വായനമൂല, പദപയറ്റ്, പ്രശ്നോത്തരി, ദിനാചരണങ്ങളിൽ പോസ്റ്റർ നിർമാണം, കഥ / ഉപന്യാസം രചിക്കൽ & അവതരണം etc...<br>* വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ, സുഭാഷിതങ്ങൾ, ജീവചരിത്ര കുറിപ്പുകൾ എന്നിവ തയ്യാറാക്കൽ..<br>* വിവിധ കലാരൂപങ്ങളുടെ demonstration. | കാലയളവ്<br>* ജൂൺ മുതൽ മാർച്ച് വരെ. | ചുമതല<br>* സംസ്കൃതം അധ്യാപകർ. |

## ACADEMIC MASTER PLAN – BIOLOGY

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | കാർഷികം | കുട്ടികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് | * സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം<br>* തൊട്ടടുത്തുള്ള കൃഷിസ്ഥലം/ഫാം സന്ദർശിക്കൽ<br>*ഔഷധസസ്യ ഉദ്യാനം | ജൂൺ മുതൽ ഡിസംബർ വരെ<br>ജൂൺ മുതൽ ആഗസ്റ്റ് വരെ<br>ജൂൺ മുതൽ ഡിസംബർ വരെ | കാർഷിക ക്ലബ്ബ്<br>ഇക്കോ ക്ലബ്ബ്<br>ഇക്കോ ക്ലബ്ബ് | വിദ്യാലയവികസനസമിതി, പൂർവ്വവിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനം, സ്പോൺസേഴ്സ് |
| 2 | ജനിതകശാസ് | മോഡലുകൾ | * പാഴ്‌വസ്തു | ജൂൺ മുതൽ | ജീവശാസ്ത്ര | പി.ടി.എ |

| | | | | | | |
|---|---|---|---|---|---|---|
| | ത്രം | സ്വയം നിർമിച്ച് ആശയവ്യക്തത കൈവരിക്കുന്നു | ക്കൾ ഉപയോഗിച്ച് DNA മാതൃക<br><br>* സയൻസ് ലാബിലേക്കുള്ള മോഡൽ നിർമാണം – DNA, Brain, Neuron | ആഗസ്റ്റ് വരെ | അധ്യാപകർ | |
| 3 | പരിണാമം | മോഡലുകൾ സ്വയം നിർമിച്ച് ആശയവ്യക്തത കൈവരിക്കുന്നു | യുറേ മില്ലർ പരീക്ഷണ സംവിധാനത്തിന്റെ മാതൃക നിർമാണം – പാഴ് വസ്തുക്കൾ ഉപയോഗിച്ച് | ആഗസ്റ്റ് | സയൻസ് ക്ലബ്ബ് | വിദ്യാർത്ഥികൾ |
| 4 | ആരോഗ്യം, സാമൂഹ്യം | ലഹരി എന്ന വിപത്തിനെ കുറിച്ചുള്ള തിരിച്ചറിവ് | ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ – ബോധവൽക്കരണ ക്ലാസ്, വീഡിയോ പ്രദർശനം, പോസ്റ്റർ, റാലി | ജൂൺ മുതൽ ജൂലായ് വരെ | SPC, NCC, JRC, SCOUT | പി.ടി.എ |
| 5 | മഴക്കാല രോഗങ്ങൾ | മഴക്കാല രോഗങ്ങളും, രോഗലക്ഷണങ്ങളും, അവയ്ക്കുള്ള പരിഹാരമാർഗങ്ങളെയും കുറിച്ചുള്ള ധാരണ കൈവരിക്കുന്നു | * ഡ്രൈഡേ ആചരണം<br>* ബോധവൽക്കരണ ക്ലാസ്സുകൾ<br>* മഴക്കുഴി നിർമ്മാണം<br>* SPG യുടെ പങ്കാളിത്തം ഉറപ്പാക്കൽ | ജൂൺ മുതൽ സെപ്റ്റംബർ വരെ | ECO CLUB, SPC, JRC, SCOUT,NCC | പി.ടി.എ, വിവിധ ക്ലബ്ബുകൾ |
| 6 | മാലിന്യ നിർമാർജ്ജനം | * ജൈവ – അജൈവ മാലിന്യങ്ങൾ ഉണ്ടെന്ന് കുട്ടികൾ തിരിച്ചറിയുന്നു<br>* പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള ബോധം വിദ്യാർത്ഥികളിൽ ഉടലെടുക്കുന്നു | * ജൈവ – അജൈവ മാലിന്യങ്ങൾ തരം തിരിച്ച് നിക്ഷേപിക്കൽ<br>* പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുവാനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ<br>* ബയോകമ്പോസ്റ്റ് നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | SPC, NCC, SCOUT | പി.ടി.എ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ - PHYSICS AND CHEMISTRY

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|---|
| 1 | മാനവികതയിൽ ഊന്നിയ ശാസ്ത്ര ബോധം വളർത്തുക. ശാസ്ത്ര മാസിക തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധിയായ അറിവുകൾ ലേഖനങ്ങൾ കഥകൾ കവിതകൾ എന്നിവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക തയ്യാറാക്കൽ | 6 മാസം -10 മാസം |
| 2 | ശാസ്ത്രമേള സംഘാടനം ശാസ്ത്രഅഭിരുചി വളർത്തൽ | പരീക്ഷണം<br>മാതൃകകൾ<br>എക്സിബിഷൻ<br>മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ 1 തവണ |
| 3 | ശാസ്ത്ര ലാബ് നവീകരണം. ശാസ്ത്ര ലാബിനെ കാലാനുസൃതമായ ി സിലബസ് അനുസരിച്ച് നവീകരിക്കൽ. Lab kit തയ്യാറാക്കൽ | ഭൗതികശാസ്ത്രം, രസതന്ത്രം വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റു സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | 3 മാസം |
| 4 | പഠന പിന്തുണ അർഹിക്കുന്ന | ലളിതമായും, കളി രീതിയിലും ശാസ്ത്ര തത്വങ്ങൾ, പരീക്ഷണങ്ങൾ, | 6 മാസം |

| | | | |
|---|---|---|---|
| | കുട്ടികൾക്കായി മൊഡ്യൂൾ തയ്യാറാക്കൽ, മോഡൽ നിർമ്മാണം | മാതൃകകൾ തയ്യാറാക്കി പിന്നോക്കക്കാരെ പിന്തുണയ്ക്കൽ | |
| 5 | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്രതൽപരത ഉണർത്താനും | ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്തു നടപ്പാക്കൽ, കൊളാഷ്, ചാർട്ട് തയ്യാറാക്കൽ, ശാസ്ത്ര പഠന യാത്രകൾ | യഥാസമയങ്ങളിൽ |
| 6 | ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ ഐസിടി സാധ്യതകൾ | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വീഡിയോ അനിമേഷൻ വെർച്വൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങൾ ഉപയോഗിച്ച് പാഠാവതരണത്തിനും ആശയവിനിമയത്തിനുമായി ഉപയോഗിക്കൽ | എല്ലായ്പ്പോഴും |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹൈസ്കൂൾ ഗണിതം

| **ഹൈസ്കൂൾ ഗണിതം** | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| കുട്ടികളിൽ ഗണിത താല്പര്യം വർദ്ധി പ്പിക്കാനായുള്ള പ്രവർത്തനം | ഗണിത വർക്ക്ഷോപ്പ് ഓറിയന്റേഷൻ ക്ലാസ്സ്, pi approxination day day | ജൂൺ ജൂലൈ മാസം | ഗണിത അധ്യാപകൻ, പൂർവ വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| ഗണിതം പ്രവർത്തനം രസകരമാക്കൽ | ജാമിതീയ പാറ്റേണുകൾ ഗണിത മോഡൽ, നിർമാണം ഗണിത അസംബ്ലി | ഓഗസ്റ്റ് സെപ്റ്റംബർ മാസം | ഗണിത അധ്യാപകൻ |
| അടിസ്ഥാന അറിവ് ഇല്ലാത്ത കുട്ടികൾക്കുള്ള പിന്തുണ പ്രവർത്തനം | മാത്സ് ക്ലിനിക് | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും മിടുക്കരായ വിദ്യാർത്ഥികളും |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | Grogebra വർക്ക്ഷോപ്പ് | ആവശ്യാനുസരണം | റിസോഴ്സ് പേഴ്സൺ |
| നിത്യജീവിതത്തിലെ ഗണിതം | ഗണിത ഡയറി | ആഴ്ചയിൽ ഒരു ദിവസം | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബിലെ അംഗങ്ങൾ |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു.നിശ്ചി ത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | ഗണിത അധ്യാപകൻ |

## അക്കാദമിക മാസ്റ്റർപ്ലാൻ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയപരിധി | ചുമതല |
|---|---|---|---|
| സമൂഹശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ക്ലാസ് തല പ്രവർത്തനം | 1 മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| പരിസ്ഥിതി അവബോധം വളർത്തൽ | ജൂൺ 5 പരിസ്ഥിതി ദിന ക്വിസ് | 1 മണിക്കൂർ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ജനസംഖ്യ വളർച്ചയുടെ ദൂ ഷ്യവശങ്ങൾ ബോധ്യപ്പെടുത്തൽ | ജൂലൈ 11 ജനസംഖ്യാദിനം ഉപന്യാസ മത്സരം<br>ജൂലൈ 26 കാർഗിൽ വിജയ് ദിവസ് അനുസ്മരണം | 40 മിനിറ്റ്<br>30 മിനിറ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| യുദ്ധ ഭീകരതയെ കുറിച്ച് അവബോധം വളർത്താൻ | ആഗസ്റ്റ് 6 9 ഹിരോഷിമ നാഗസാക്കി ദിനങ്ങൾ യുദ്ധ വിരുദ്ധ ചാർട്ട് | 45 മിനിറ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| | മത്സരം കൊളാഷ് തയ്യാറാക്കൽ | | |
| സ്വാതന്ത്ര്യത്തിലേക്ക് നയിച്ച വ്യക്തികൾ സംഭവങ്ങൾ എന്നിവയെ കുറിച്ച് വ്യക്തമായി അറിവ് നൽകാൻ | ഓഗസ്റ്റ് 15 സ്വാതന്ത്ര്യ ദിന ക്വിസ് | 45 മിനിറ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| സാമൂഹ്യ ശാസ്ത്രമേള സംഘാടനം സാമൂഹ്യശാസ്ത്ര ഭിരുചി വളർത്തൽ | ഒക്ടോബർ നവംബർ ശാസ്ത്രമേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരിശീലനവും പ്രോത്സാഹനവും നൽകൽ. മാതൃകകൾ അറ്റ്ലസ് നിർമ്മാണം പ്രാദേശിക ചരിത്രരചന ക്വിസ് പ്രസംഗം. നവംബർ 1 കേരളപ്പിറവി ഉപന്യാസം മത്സരം – 'എന്റെ കേരളം' | 1 മാസം<br><br>45 മിനിറ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| മനുഷ്യാവകാശങ്ങളെ കുറിച്ചുള്ള അവബോധം വളർത്താൻ | ഡിസംബർ 10 മനുഷ്യാവകാശ ദിനം ബോധവൽക്കരണ ക്ലാസ് | 30 മിനിറ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| സാമൂഹ്യശാസ്ത്ര വിഷയത്തിൽ നല്ല പ്രകടനം കാഴ്ചവയ്ക്കാൻ | ജനുവരി ഫെബ്രുവരി പാഠഭാഗം പൂർത്തിയാക്കി പഠന പിന്തുണ റിവിഷൻ എന്നിവ ഉറപ്പാക്കൽ | 2 മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹൈസ്കൂൾ ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക | കഥ വായന കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണുന്ന അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |
| മാതൃഭാഷയെ പോലെ | പാഠഭാഗവുമായി | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |

| | | | |
|---|---|---|---|
| ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണുന്ന അവസരം നൽകുന്നു | | |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണുന്ന അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണുന്ന അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനുള്ള അവസരം | ഹിന്ദി അസംബ്ലി, ദിനാചരണങ്ങൾ ജനുവരി10 | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ |
| കണ്ടതും കേട്ടതുമായ വാർത്തകൾ ഹിന്ദിയിൽ വായിക്കാൻ പുതിയ ആശയങ്ങളും പദങ്ങളും മനസ്സിലാക്കാനുള്ള അവസരം | ജൂൺ മുതൽ ജനുവരി വരെയുള്ള കാലയളവിൽ വിദ്യാലയത്തിലെ പ്രധാന വാർത്തകളും ചിത്രങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഹിന്ദി പത്ര നിർമ്മാണം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ യുപി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ | ജൂൺ മാസം | മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| സമഗ്ര ഗുണമേന്മ ഭാഷയിൽ | ഭാഷാപരമായ എഴുത്തും വായനയും ലഭിക്കാത്തവരെ ടെസ്റ്റിലൂടെ കണ്ടെത്തുന്നു അവർക്ക് വേണ്ട പഠന പിന്തുണന വായനക്കാർഡ്,കളിലൂടെയും ഭാഷ കേളികളിലൂടെയും നൽകുന്നു | അക്കാദമിക വർഷം മുഴുവൻ | മലയാളം അധ്യാപകർ |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | ക്ലാസ് റൂം ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവയിൽ എന്നിവയുടെ ഉപയോഗവും പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു | അക്കാദമിക വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ |
| | ക്ലാസ് തലത്തിൽ വായനാ ഗ്രൂപ്പ് സജീവമാകുക | വർഷം മുഴുവൻ | മലയാളം അധ്യാപകർ, ക്ലാസ് അധ്യാപകർ |
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുള്ള ഇഷ്ടം വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സാഹിത്യകാരന്മാർ എഴുത്തുകാരന്മാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദവും | വർഷത്തിൽ ഒന്നോ രണ്ടോ ( അവശ്യാനുസരണം നുസരണം ) | ഹെഡ്മിസ്ട്രസ് വിദ്യാരംഗം കോഡിനേറ്റർ |
| ഡിജിറ്റൽ പരിജ്ഞാനത്തിലൂടെ സർഗശേഷി വളർത്തൽ | സ്കൂൾ വാർത്തകൾ തയ്യാറാക്കുന്നു, അവതരിപ്പിക്കുന്നു | | |

| | | | |
|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | മുഴുവൻ പഠിതാക്കളുടെയും സർഗാത്മ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ആവിഷ്കാര പ്രകടിത രൂപങ്ങൾ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് അവതരിപ്പിക്കാൻ അവസരം,ശില്പശാലകൾ സംഘടിപ്പിക്കുന്നു | ഓരോ മാസവും അവസാനം<br><br>വർഷാവസാനം<br><br>പാഠങ്ങൾക്ക് അനുസൃതമായി | മലയാളം, ഐടി കൈകാര്യം ചെയ്യുന്ന അധ്യാപകർ<br><br>മലയാളം അധ്യാപകർ |
| | | | |

## UP Basic Science

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | *ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം ശലഭോദ്യാനം ഇവ ഉൾക്കൊള്ളുന്ന | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |

| | | | |
|---|---|---|---|
| | ജൈവവൈവിധ്യ പാർക്ക് *നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങൾ, പരീക്ഷണക്കുറിപ്പുകൾ, പരീക്ഷണ കിറ്റ്. | | |
| ശാസ്ത്ര പ്രക്രിയശേഷി വർദ്ധിപ്പിക്കൽ | *ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| ശാസ്ത്ര പഠനം രസകരമാക്കുന്നതിനും ശാസ്ത്രതത്പരത ഉണർത്തുന്നതിനും | ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്തു നടപ്പാക്കൽ ക്വിസ്, ചാർട്ട്. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| ശാസ്ത്രമേള സംഘാടനം | മാതൃകകൾ പരീക്ഷണം എക്സിബിഷൻ | രണ്ടുമാസം | സയൻസ് അധ്യാപകർ |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ഐസിടിയുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടു തൽ | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു .വീഡിയോ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണ ഉത്സുകത വർദ്ധിപ്പിക്കൽ | ATL,STREAM ലാബുകൾ പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് വഴിയൊരുക്കുന്നു | അക്കാദമിക വർഷം | ● സയൻസ് അധ്യാപകർ,BRC കോഡിനേറ്റർസ്. |

## അക്കാദമിക് മാസ്റ്റർ പ്ലാൻ – ആർട് എജുക്കേഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകൻ |

ജൂൺ 3:-പ്രവേശനോത്സവ പരിപാടികൾ സമുചിതമായി നടത്താൻ തീരുമാനിച്ചു. പ്രവേശനോത്സവഗാനം, സ്വാഗതഗാനം എന്നിവ കേൾപ്പിക്കുകയും പാടാനും മധുരവിതരണം നടത്തുവാനും തീരുമാനിച്ചു
ജൂൺ 23:-ലോകസംഗീത ദിനത്തോടനുബന്ധിച്ചു പാട്ടുകൾ പാടി ക്ലാസ്സുകളിൽ സംഗീത ഉപകാരണങ്ങളുടെ ചിത്രങ്ങൾ വരപ്പിക്കുവാനും poster, pluck card എന്നിവ തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കുവാനും തീരുമാനിച്ചു

ജൂലൈ :-ജൂലൈ മാസത്തിൽ ലോക ചിത്രകലാ ദിനത്തിന്റെ പ്രാധാന്യം പറഞ്ഞു കൊടുത്തു ഒമ്പതാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും യൂണിറ്റ് 1 ലെ വാർളി ചിത്രം വരച്ച് പ്രദർശനം നടത്താൻ തീരുമാനിച്ചു

ഓഗസ്റ്റ് -15:- സ്വതന്ത്ര്യ ദിനത്തോടനുബന്ധിച്ചു ദേശഭക്തിഗാനം, പ്രസംഗം, സ്വാതന്ത്ര്യ ദിന നൃത്തം എന്നിങ്ങനെ വിവിധ പരിപാടികൾ അവതരിപ്പിക്കാൻ തീരുമാനിച്ചു മധുരവിതരണം നടത്തുവാനും തീരുമാനിച്ചു

SECOND TERM

സെപ്റ്റംബർ :-സെപ്റ്റംബർ മാസത്തിൽ ഓണാഘോഷം വിവിധ കലാപരിപാടികളോടെ നടത്താനും പായസ വിതരണം നടത്തുവാനും തീരുമാനിച്ചു
ഒക്ടോബർ 2:-ഗാന്ധിജയന്തിയോടനുബന്ധിച്ച് ചരിത്രകാരൻമാരുടെ ചിത്രം വരയിപ്പിക്കുവാൻ തീരുമാനിച്ചു
ഒക്ടോബർ 13:-National film day യുടെ പ്രാധാന്യം കുട്ടികൾക്ക് പറഞ്ഞു കൊടുക്കാൻ തീരുമാനിച്ചു
സ്കൂൾ കലോത്സവം നടത്താൻ തീരുമാനിച്ചു

നവംബർ 11:-ശിശു ദിനം വിവിധ കലാപരിപാടികൾ അവതരിപ്പിക്കാൻ തീരുമാനിച്ചു

ഡിസംബർ :-ക്രിസ്മസ് പരിപാടികൾ കരോൾ ഗാനം എന്നിവ പാടാൻ തീരുമാനിച്ചു

THIRD TERM

ജനുവരി 26:-റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചു ദേശഭക്തി ഗാനലാപനം നടത്താൻ തീരുമാനിച്ചു.

ഫെബ്രുവരി :-ഏപ്രിൽ 29 ലോക നൃത്ത ദിനത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ തീരുമാനിച്ചു

മാർച്ച് 27:- ലോക നാടക ദിനത്തോടനുബന്ധിച്ചു നാടകത്തിന്റെ പ്രാധാന്യവും പ്രസക്തിയും കുട്ടികളിൽ എത്തിക്കാൻ തീരുമാനിച്ചു ഒരു നാടകാവതരണം നടത്തുവാനും തീരുമാനിച്ചു